**എൽ. ബി. എസ്സ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്**
**കാസറഗോഡ്**

നം.ഡി.247/2021 06.02.2024

## <u>ലേല പരസ്യം</u>

കാസർഗോഡ് എൽ.ബി.എസ്സ് എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസിലെ വിവിധ ഫലവൃക്ഷങ്ങളിൽ നിന്നുള്ള ഒരു വർഷത്തെ ആദായം എടുക്കുന്നതിനുള്ള ലേലം അടിസ്ഥാന തുകയായി 5000/- രൂപ നിശ്ചയിച്ച് **2024 ഫെബ്രുവരി 29 ന് പകൽ 11 മണിക്ക്** കോളേജ് സർജന്റ് ക്യാബിനിൽ വച്ച് പരസ്യമായി നടത്തുന്നതായിരിക്കും. പ്രസ്തുത ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ അന്നേ ദിവസം പകൽ 10.00 മണിക്ക് മുമ്പായി 100/ രൂപ (നൂറ് രൂപ മാത്രം) നിരതദ്രവ്യം ഫീസായി ലേലം നടത്തുന്നതിന് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഭാഗം അടച്ച് പേര് രജിസ്റ്റർ ചെയ്ത് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. ആവശ്യമാണെന്ന് കരുതുന്ന പക്ഷം മേൽപറഞ്ഞ ഫലവൃക്ഷാദികൾ ഓഫീസ് സമയത്ത് നോക്കിക്കാണാവുന്നതുമാണ്. ലേലം ഉറപ്പിക്കുന്നയാൾ ലേലത്തുകയുടെ 50 ശതമാനം അപ്പോൾത്തന്നെ കെട്ടിവയ്ക്കേണ്ടതും ബാക്കി തുക 7 ദിവസത്തിനുള്ളിൽ ഓഫീസിൽ അടച്ച് ലേലം ഉറപ്പിക്കേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് കോളേജ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ നം. 04994 250290

L.B.S COLLEGE OF ENGINEERING (A GOVT. OF KERALA UNDERTAKING) ★ KASARAGOD ★

**പ്രിൻസിപ്പാൾ**

പകർപ്പ്

1. ചെങ്കള ഗ്രാമപഞ്ചായത്ത് നോട്ടീസ് ബോർഡ്
2. മുളിയാർ പഞ്ചായത്ത് നോട്ടീസ് ബോർഡ്
3. കോളേജ് നോട്ടീസ് ബോർഡ്
4. കോളേജ് വെബ്സൈറ്റ്
5. സെർജന്റ് –ലേലം നടപടികൾക്കുവേണ്ട തയ്യാറെടുപ്പുകൾ നടത്തുവാൻ
6. ഓഫീസ് കോപ്പി.

**കോളേജിലെ ആകെയുള്ള ഫലവൃക്ഷങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.**

| നം. | വൃക്ഷം | കായ്ഫലമുള്ളത് |
|---|---|---|
| 1 | തെങ്ങ് | 15 |
| 2 | മാവ് | 5 |
| 3 | പുളി (വാളൻ) | 1 |
| 4 | പ്ലാവ് | 2 |
| 5 | കശുമാവ് | 15 |

L.B.S COLLEGE OF ENGINEERING (A GOVT. OF KERALA UNDERTAKING) KASARAGOD

പ്രിൻസിപ്പാൾ